"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ്- ജീവനക്കാര്യം ടൗൺ പ്ലാനർ ശ്രീമതി ഊർമ്മിള രാജ് യു. (പെൻ: 708318) - വിന്റെ നിയമനത്തിനായുള്ള കാത്തിരിപ്പ് കാലയളവ് അവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്**

സ.ഉ.(സാധാ) നം.1679/2026/LSGD തീയതി,തിരുവനന്തപുരം, 07-09-2026

---

പരാമർശം:-

1. 30.08.2025-ലെ സ.ഉ.(സാധാ)നം.2155/2025/തസ്വഭവ.
2. 25.09.2025-ലെ സ.ഉ.(സാധാ)നം.2342/2025/തസ്വഭവ.
3. 08.10.2025-ലെ സ.ഉ.(സാധാ)നം.2449/2025/തസ്വഭവ.
4. 28.11.2025-ലെ സ.ഉ.(സാധാ)നം.2882/2025/തസ്വഭവ.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 05.02.2026 തീയതിയിലെ LSGD/PD/3498/2026-DEA5 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിലെ ടൗൺ പ്ലാനർ ശ്രീമതി. ഊർമ്മിള രാജ് യു.വിനെ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ടൗൺ പ്ലാനറായി നിയമിച്ചിരുന്നു. പ്രസ്തുത തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ടിയാളെ KURDFC-യിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നുവെങ്കിലും പരാമർശം (3) ഉത്തരവ് പ്രകാരം പ്രസ്തുത നിയമനം റദ്ദാക്കുകയായിരുന്നു. എന്നാൽ, പരാമർശം (2) ഉത്തരവിന്റെ

അടിസ്ഥാനത്തിൽ 09.10.2025 പൂർവ്വാഹ്നം ആലപ്പുഴ ജില്ലാ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്ത ടിയാൾ, KURDFC-യിലെ പ്രസ്തുത തസ്തികയിൽ മറ്റ് ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നതിനാൽ അവിടെ ജോലിയിൽ പ്രവേശിക്കുവാൻ സാധിച്ചില്ല എന്നറിയിച്ചുകൊണ്ട് 09.10.2025-ന് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ, ആലപ്പുഴ ജില്ലാ കാര്യാലയത്തിൽടൗൺപ്ലാനർ തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവിൽ പരാമർശം (4) ഉത്തരവ് പ്രകാരം ശ്രീമതി. ഊർമ്മിള രാജ് യു.-വിനെ നിയമിക്കുകയും, ടിയാൾ 01.12.2025-ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

വിടുതൽ ചെയ്യപ്പെട്ട 09.10.2025 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ച 01.12.2025 വരെയുള്ള 54 ദിവസത്തെ കാലയളവ് നിയമന ഉത്തരവ് ലഭിക്കാത്തതിനാൽ ജോലിയിൽ പ്രവേശിക്കാൻ സാധിക്കാതെ വന്നതാണെന്നും, ആയത് തന്റെ വീഴ്ച മൂലമല്ലാത്തതിനാൽ ഡ്യൂട്ടിയായി പരിഗണിച്ച് ക്രമവത്കരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീമതി. ഊർമ്മിള രാജ് യു. സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ഊർമിള രാജ് യു-വിനെ KURDFC-യിലേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച ഉത്തരവ്, പരാമർശം (3) പ്രകാരം 08.10.2025 ൽ റദ്ദാക്കിയ ശേഷമാണ് ടിയാൾ 09.10.2025 - ൽ ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ടൗൺ പ്ലാനർ തസ്തികയിൽ നിന്നും റിലീവ് ചെയ്തിട്ടുള്ളതും, അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം ലഭിച്ച തസ്തികയിൽ ഒഴിവ് ഇല്ലാത്തതിനാൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുള്ളതും. തുടർന്നാണ് ടിയാളെ പരാമർശം (4) പ്രകാരം ആലപ്പുഴ ജില്ലാ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ ടൗൺ പ്ലാനർ തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുയും ടിയാൾ 01.12.2025 ജോലിയിൽ പ്രവേശിച്ചിക്കുകയും ചെയ്തിട്ടുള്ളത്. മേൽ സാഹചര്യങ്ങളിൽ ശ്രീമതി ഊർമ്മിള രാജ് യു. ജോലിയിൽ നിന്നും വിട്ടു നിന്ന 09.10.2025 മുതൽ 30.11.2025 വരെയുള്ള കാലയളവ് ടിയാൾക്ക് അർഹതയുള്ളതും അനുവദനീയവുമായ അവധിയായി ക്രമീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഇന്ദു.എസ്.

അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
2. ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
3. ശ്രീമതി ഊർമ്മിള രാജ് യു. ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്
(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ് ), തിരുവനന്തപുരം
5. വെബ് & ന്യൂ മീഡിയ, ഐ.& പിആർഡി
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Keerthi I P
Date: 07-09-2026
13:45:49

സെക്ഷൻ ഓഫീസർ